# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 170    09.06.2014-ൽ മറുപടിയ്ക്ക്**

**മാവോയിസ്റ്റുകളെ നിയന്ത്രിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. സണ്ണി ജോസഫ് | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യം ഏതെല്ലാം മേഖലകളിലാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് ; | (എ) 2013 ഫെബ്രുവരി മാസം മുതൽ സംസ്ഥാനത്തിന്റെ വടക്കൻ മേഖലകളിൽ, മുഖ്യമായും വനപ്രദേശങ്ങളിലും, വനത്തിനോടടുത്ത ചില പ്രദേശങ്ങളിലും ആണ് മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് ; |
| ബി) മാവോയിസ്റ്റുകളെ പിടികൂടുന്നതിന് നിയോഗിച്ച തണ്ടർ ബോൾട്ട് സ്ക്വാഡിനെ നയിക്കുന്നത് ആരാണ് ; | (ബി) മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്യുന്ന മേഖലകളിലെ ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവികളോ, അവർ നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥരോ ആണ് തണ്ടർ ബോൾട്ട് ടീമുകളെ നയിക്കുന്നത്. |
| സി) മാവോയിസ്റ്റുകളെ നിയന്ത്രിക്കുന്നതിൽ പ്രസ്തുത സേന നടത്തിയ ശ്രമങ്ങൾ വിജയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) മാവോയിസ്റ്റ് പ്രവർത്തനം നേരിടുന്നതിനുള്ള പോലീസ് നടപടികളുടെ ഒരു ഘടകം മാത്രമാണ് തണ്ടർ ബോൾട്ട് കമാന്റോകളുടെ പ്രവർത്തനം. തണ്ടർ ബോൾട്ട് കമാന്റോകൾ ഇപ്പോൾ അതികഠിനമായ വനാന്തരങ്ങളിലും മറ്റും സഞ്ചരിച്ച് വളരെയേറെ അപകടം പിടിച്ചതും ബുദ്ധിമുട്ടുള്ളതുമായ ജോലികളാണ് കാര്യക്ഷമമായി ചെയ്തു കൊണ്ടിരിക്കുന്നത്. ഇതുവരെയുള്ള പ്രസ്തുത സേനയുടെ പ്രവർത്തനം വളരെയധികം തൃപ്തികരമാണ്. |

സെക്ഷൻ ഓഫീസർ